# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ.തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 42**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

സഭയുടെ ദൗത്യനിർവ്വഹണത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന *മലങ്കര സഭാതാരക* 129 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. സഭാ കൗൺസിലിന്റെ തീരുമാനപ്രകാരം താരകയുടെ ജന്മമാസമായ ജനുവരി താരകമാസമായി ആചരിച്ചുവരുന്നു.

2022 ജനുവരി താരകമാസമായി നമ്മുടെ എല്ലാ ഇടവകകളും ആചരിക്കണം. സഭാതാരകയ്ക്ക് കൂടുതൽ വായനക്കാരെയും വരിക്കാരെയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് താരകമാസാചരണം ക്രമീകരിക്കുന്നത്. എല്ലാ മാർത്തോമ്മാ ഭവനങ്ങളിലും സഭാതാരക എന്ന ലക്ഷ്യം സഫലമാകുവാൻ ഇടവകതലത്തിൽ വരിക്കാരുടെ എണ്ണം വർദ്ധിക്കണം. ഇടവക വികാരിയുടെ നേതൃത്വത്തിൽ ഒരാൾ ഈ ചുമതല നിർവ്വഹിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്. സഭാതാരകയുടെ പ്രമോട്ടേഴ്സ് ഇടവക സന്ദർശിക്കുമ്പോൾ അവർക്കാവശ്യമായ പ്രോത്സാഹനവും സഹകരണവും വികാരി അച്ചനും ജനങ്ങളും നൽകണം.

സഭയുടെ ഔദ്യോഗിക നാവ് എന്ന നിലയിൽ മെത്രാപ്പോലീത്തായുടെ കത്ത്, സഭാ വാർത്തകൾ, അറിയിപ്പുകൾ എന്നിവ താരകയിലാണ് പ്രസിദ്ധീകരിക്കുന്നത്. പത്രാധിപക്കുറിപ്പുകൾ, വേദപഠനം, സമകാലീന ചിന്തകൾ, ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകൾ, ലേഖനങ്ങൾ, കത്തുകൾ, കവിതകൾ, അഭിമുഖങ്ങൾ, തുടങ്ങിയവ താരകയുടെ വിഭവങ്ങളാണ്.

താരകയുടെ വിജയകരമായ പ്രവർത്തനങ്ങൾക്ക് അതിന്റെ കോപ്പികൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കോപ്പികൾ വർദ്ധിപ്പിക്കാൻ ഇടവക വികാരിമാരും ചുമതലക്കാരും ശ്രദ്ധിക്കണം.

നിലവിലുള്ള വരിക്കാർ പുതിയ വർഷത്തേക്കുള്ള വരിസംഖ്യ പുതുക്കിയും, പുതിയ വരിക്കാരെ ചേർത്തും താരകയുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. ഇന്ത്യക്കു പുറത്തുള്ള ആയുഷ്ക്കാല/ സ്ഥിരകാല വരിക്കാർ പോസ്റ്റേജ് പുതുക്കിയും സഹായിക്കുമല്ലോ. താരകയുടെ വരിസംഖ്യ നൽകുമ്പോൾ നിലവിലുള്ള വരിക്കാർ റാപ്പറിലുള്ള Subscription (reference) Number കൂടി ചേർത്ത് പുതുക്കുന്നത് duplication ഉണ്ടാകാതിരിക്കുവാൻ സഹായകരമാകും എന്ന് ഓർപ്പിക്കുന്നു.

എല്ലാ ഇടവകകളും സ്ഥാപനങ്ങളും സഭാതാരകയുടെ സ്ഥിരം വരിക്കാരാവണം. പത്ത് പുതിയ വരിക്കാരെ ചേർക്കുന്ന ഒരാൾക്ക് താരക ഒരു വർഷത്തേക്ക് സൗജന്യമായി ലഭിക്കും. വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ ചേർത്തും വരിക്കാരാകാൻ പ്രോത്സാഹിപ്പിച്ചും ഈ വർഷത്തെ സഭാതാരക മാസാചരണം കൂടുതൽ അർത്ഥവത്താക്കണം.

ഏവരുടേയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 ഡിസംബർ മാസം 20–ാം തീയതി

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**